# അഭിജാത ബോധവും ആത്മവിശ്വാസവും

ഇസ്‌ലാമിക നാഗരികതയ്ക്കു നേതൃത്വം നല്കിയവരുടെ അചഞ്ചലമായ ആത്മവിശ്വാസവും സ്വപ്രത്യയ സ്ഥൈര്യവും ചരിത്രകാരന്മാരുടെ പ്രശംസക്ക് പാത്രമായിട്ടുണ്ട്. നാഗരികതകളുടെ വളർച്ചയിൽ അപ്രധാനമല്ലാത്ത പങ്ക് അത് വഹിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ദൈവത്താൽ നിയുക്തരായ നന്മയുടെ വാഹകരും പ്രചാരകരുമാണ് തങ്ങളെന്ന ഉറച്ച വിശ്വാസം ഇതര നാഗരികതകളുടെ മേൽ ആധിപത്യമുറപ്പിക്കാൻ അവരെ സഹായിച്ചു. മുസ്‌ലിം മനസ്സിൽ ഉൽക്കർഷബോധം ജനിപ്പിക്കുന്നതിൽ ഖുർആൻ അനല്പമായ പങ്ക്‌വഹിച്ചിട്ടുണ്ട്. "നിങ്ങളാണുന്നതർ, നിങ്ങൾ വിശ്വസിക്കുന്നവരെങ്കിൽ" എന്ന് ഖുർആൻ (3: 139) വിശ്വാസികളെ പഠിപ്പിച്ചു.

ഇസ്‌ലാമിക നാഗരികതയെ രൂപപ്പെടുത്തുന്നതിൽ ഈ ഉൽക്കർഷ ബോധം വഹിച്ച പങ്ക് നിസ്തുലമാണ്. ഇസ്‌ലാമിക കലയും ശാസ്ത്രവും നിയമവും എളുപ്പം സ്വാധീനമുറപ്പിച്ചത് ഈ ഉൽക്കർഷ ബോധത്തിന്റെ കൂടി ഫലമാണ്. അ*റേബ്യയിലെയും പരിസര പ്രദേശങ്ങളിലെയും ഇതര മതസമൂഹങ്ങളും സംസ്കാരങ്ങളും സ്വയം അപകർഷബോധത്തിലകപ്പെട്ടു ചരിത്രത്തിന്റെ വിളുമ്പിലേക്ക് പിൻവാങ്ങുന്നതിനും ഇതിടയാക്കി. സിറിയയിലെ നെസ്റ്റോറിയൻ ക്രൈസ്തവരും ഉത്തരാഫ്രിക്കയിലെ പാഗൻ സമൂഹങ്ങളും ബർബരീ ഗോത്രങ്ങളും അറേബ്യയിലെ യഹൂദ ഗോത്രങ്ങളും ഇസ്‌ലാമിക നാഗരികതക്കുവേണ്ടി വഴിമാറിക്കൊടുത്ത സമൂഹങ്ങളിൽ പെടുന്നു.

അതിജീവനത്തിനുള്ള ആന്തരിക ബലം ഇസ്‌ലാമിക നാഗരികതയിൽ ഉൾച്ചേർന്നിരുന്നു. ചലനാത്മകവും സദാ സ്വീകരണക്ഷമവും വികസനോൻമുഖവുമായിരുന്നു ഇസ്‌ലാമിക നാഗരികത. അന്യ സംസ്കാരങ്ങളെ ഉൾക്കൊണ്ട് സ്വയം വികസിക്കാൻ ഇസ്‌ലാമിക നാഗരികത സന്നദ്ധമായിരുന്നു. എല്ലാ വാതിലുകളും തുറന്നിടാൻ മാത്രമുള്ള ആദർശപരമായ ആത്മവിശ്വാസം നിലനിർത്തി എന്നതാണ് ഇസ്‌ലാമിക നാഗരികതയുടെ സമ്പന്നതക്കാധാരം.